സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക – നോഡൽ ആഫീസറെ നിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 14980/16/Est-I** നന്തൻകോട്, **16 /08/2018**

---

പരാമർശം :– 1) 30-12-2016 ലെ മേൽ നമ്പർ ബോർഡുത്തരവ്.

2) 30-12-2017 ലെ ROC 16838/17/Est-2 നമ്പർ ബോർഡുത്തരവ്.

3) ദേവസ്വം കമ്മീഷണറുടെ 13-07-2018 ലെ ROC 2129/16/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

പിന്നാക്ക വിഭാഗക്കാർക്ക് നിയമനങ്ങളിലുള്ള സംവരണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുള്ള സർക്കാർ-സർക്കാരിതര വകുപ്പുകളിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക ഓൺലൈനിലൂടെ കേരള സംസ്ഥാന പിന്നാക്ക വിഭാഗകമ്മീഷൻ പുതുതായി ആരംഭിച്ചിട്ടുള്ള വെബ്പോർട്ടറിലേക്ക് അയയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നോഡൽ ആഫീസറായി ബോർഡ് ആഫീസിൽ ഡ്യൂട്ടി നോക്കിയിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. ഒ.ജി. ബിജുവിനെ നിയമിച്ചിരുന്നു (പരാമർശം –1).

ശ്രീ. ഒ.ജി. ബിജുവിനെ പരാമർശം 2 പ്രകാരം ബോർഡ് ആഫീസിലെ ഡ്യൂട്ടിയിൽ നിന്നും റിലീവ് ചെയ്തിട്ടുള്ളതിനാൽ നിലവിൽ ബോർഡ് ആഫീസിലെ ഇ.ഡി.പി. സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്ക് ശ്രീ. അനുനാരായണനെ നോഡൽ ആഫീസറായി നിയോഗിക്കാവുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് നിയമസഭാ ചോദ്യോത്തരത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതാകയാൽ ആയത് തയ്യാറാക്കി നൽകാമെന്ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ഈ വിഷയം സംബന്ധിച്ച് അടിയന്തിരത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 3 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ചു. മേൽ വിവരിച്ച കാര്യത്തിലേക്ക് ദേവസ്വം ബോർഡ് ആഫീസിൽ ഡ്യൂട്ടി നോക്കിവരുന്ന ദേവസ്വം അക്കൗണ്ട്സ് ആഫീസിലെ ക്ലാർക്ക് ശ്രീ. അനുനാരായണനെ നോഡൽ ആഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

EDP

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ആഫീസ് മേധാവികൾക്കും
3. ശ്രീ. അനുനാരായണൻ, ക്ലാർക്ക്, ദേവസ്വം അക്കൗണ്ട്സ് ആഫീസ് (ഡ്യൂട്ടി, ബോർഡ് ആഫീസ്) - നടപടിക്കായി.
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK

2